**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 492** **09-07-2024 - ൽ മറുപടിയ്ക്ക്**

**സ്കെയിൽ അപ്പ് കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യാവസായിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ നേരിടുന്നതിന് ആവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുന്നതിനായി സ്കെയിൽ അപ്പ് കോൺക്ലേവ് സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ കരുത്തുറ്റ സ്കെയിൽ അപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന്, കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി 2024 മാർച്ച് 4-ന് സ്കെയിൽ അപ്പ് കോൺക്ലേവ് 2024 വിജയകരമായി നടത്തുകയുണ്ടായി. |
| (ബി) | രാജ്യത്തെ ആദ്യത്തെ ഫ്യൂഷൻ ബിസിനസ് കോൺക്ലേവ് ആയി മാറുവാൻ ഇതിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത കോൺക്ലേവിന്റെ മറ്റ് ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി, 2024 മാർച്ച് 4-ന് സംഘടിപ്പിച്ച "സ്കെയിൽ അപ്പ് കോൺക്ലേവ് 2024" -ന്റെ പരമപ്രധാനമായ ലക്ഷ്യം കേരളത്തിലെ സ്റ്റാർട്ടപ്പുകളെ സ്കെയിൽ അപ്പ്-നു സഹായിക്കുക എന്നതായിരുന്നു. പ്രസ്തുത "സ്കെയിൽ അപ്പ് കോൺക്ലേവ് 2024" രാജ്യത്തെ ആദ്യത്തെ ഫ്യൂഷൻ ബിസിനസ്സ് കോൺക്ലേവ് ആയി മാറിയതായി കേരളത്തിലോ ഇന്ത്യയിലോ മറ്റുമുള്ള ഏതെങ്കിലും റേറ്റിംഗ് ഏജൻസീസ് വിലയിരുത്തിയതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.<br><br>"സ്കെയിൽ അപ്പ് കോൺക്ലേവ് 2024" ന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു:<br><br>1. സംസ്ഥാനത്തിന്റെ കരുത്തുറ്റ സ്കെയിൽ അപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയും തദ്വാരാ കേരളത്തിലെ സ്റ്റാർട്ടപ്പുകളെ അവരുടെ പ്രവർത്തനങ്ങൾ വലിയരീതിയിൽ വിപുലീകരിക്കുന്നതിനും സഹായിക്കുക.<br><br>2. പുതിയ വ്യാവസായിക നയം 2023 വഴി നടപ്പിലാക്കുന്ന പുതിയ പ്രോത്സാഹന പദ്ധതികളും (ഇൻസെന്റീവ്സ്) മറ്റും പ്രദർശിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 3. വിവിധ സംസ്ഥാനങ്ങളിലെ Scale-up Eco System മനസ്സിലാക്കുകയും അവർ തുടരുന്ന മികച്ച Practice കളെക്കുറിച്ചും മറ്റും മനസ്സിലാക്കുക.<br><br>4. കേരളത്തിലെ സ്റ്റാർട്ടപ്പുകൾ വിശേഷിച്ചും വ്യവസായ മേഖലയിലെ സ്റ്റാർട്ടപ്പുകൾ നേരിടുന്ന സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ മനസ്സിലാക്കി ആവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുക.<br><br>5. കേരളത്തിൽ മികച്ച രീതിയിൽ വളർന്നു വരുന്ന സ്റ്റാർട്ടപ്പ് കമ്പനികളെ കോൺക്ലേവിൽ പങ്കെടുക്കുന്ന പുതിയ സ്റ്റാർട്ടപ്പുകൾക്കു പരിചയപ്പെടുത്തുക<br><br>6. സ്റ്റാർട്ടപ്പുകൾക്കു പരസ്പരം കണ്ടുമുട്ടുവാനും അവരുടെ പ്രോഡക്ടുകൾ പരിചയപ്പെടുത്തുവാനും ഉള്ള വേദിയൊരുക്കുക. |
| (സി) | ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്ന ദിശയിലേക്ക് ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുവാൻ കോൺക്ലേവിന് കഴിഞ്ഞിട്ടുണ്ടോ; വരുംവർഷങ്ങളിൽ ഇതു കൂടുതൽ വിപുലമായി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പുതിയ വ്യാവസായിക നയം 2023 വഴി നടപ്പിലാക്കുന്ന പുതിയ പ്രോത്സാഹന പദ്ധതികൾ പ്രദർശിപ്പിക്കുകയും തദ്വാരാ വ്യവസായ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കു സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ നേരിടുന്നതിന് ആവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുന്നതിന് പ്രസ്തുത സ്കെയിൽ അപ്പ് കോൺക്ലേവിനു കഴിഞ്ഞിട്ടുണ്ട്.<br><br>പ്രസ്തുത കോൺക്ലേവിൽ പങ്കെടുത്തവരിൽ നിന്ന്, കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനായി, പോളിസി, അടിസ്ഥാനസൗകര്യം, മാർക്കറ്റിംഗ് എന്നിവയെ സംബന്ധിച്ച വിവിധ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങളിൽ പലതും കെ.എസ്.യു.എം, കെ.എസ്.ഐ.ഡി.സി മുതലായ സ്ഥാപനങ്ങൾ വിശകലനം ചെയ്തു നടപടി സ്വീകരിച്ചുവരുന്നു.<br><br>സ്കെയിൽ അപ്പ് കോൺക്ലേവ് ഒരു ആന്വൽ കോൺക്ലേവ് ആയി നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. വരും വർഷങ്ങളിലും ഇത് കൂടുതൽ വിപുലമായി നടത്തുവാനാണ് ആലോചിക്കുന്നത്. |

സെക്ഷൻ ഓഫീസർ